(ബി) റവന്യൂ വകുപ്പിൽ എച്ച്. സി./ആർ. ഐ./വി. ഒ.മാരുടെ 1-1-2001 മുതൽ 31-12-2004 വരെയുള്ള ഏതെങ്കിലും സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ ലിസ്റ്റ് സ്ഥിരമാണോ താൽക്കാലികമാണോയെന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂ വകുപ്പിൽ ജീവനക്കാരുടെ പ്രമോഷൻ യഥാസമയം നടക്കാറുണ്ടോ;

(ഡി) ഇപ്പോൾ ഏതെല്ലാം പോസ്റ്റുകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-8-2004-ലെ എൽ. ആർ. (ടി3)-15525/03 നമ്പർ നടപടി ക്രമപ്രകാരം 1-6-96 മുതൽ 31-12-2000 വരെയുള്ള യു. ഡി. സി./എസ്. വി. ഒ.മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) 1-1-2001 മുതൽ 31-12-2003 വരെയുള്ള കാലയളവിലെ എച്ച്. സി./ആർ. ഐ. വി. ഒ. തസ്തികയുടെ താൽകാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) റവന്യൂ വകുപ്പിൽ ജീവനക്കാരുടെ പ്രമോഷൻ യഥാസമയം നടത്തിവരുന്നുണ്ട്.

(ഡി) ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, തസ്തികകളിൽ നിലവിൽ ഒഴിവില്ല. ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജാഫീസർ, യു. ഡി. സി./എൽ. ഡി. സി. തസ്തികകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

എൽ. ഡി. സി.—വില്ലേജ് അസിസ്റ്റന്റ് സംയോജനം

124 [1350] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ എൽ. ഡി. സി.—വില്ലേജ് അസിസ്റ്റന്റ് സംയോജനം എന്നാണ് പ്രാബല്യത്തിൽ വന്നത് ;

(ബി) സംയോജനത്തിന് ശേഷം എൽ. ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ചെയിൻ സർവ്വെ യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) സംയോജനത്തിന് മുൻപ് എൽ. ഡി. ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചവർക്കും ചെയിൻ സർവ്വെ നിർബന്ധമാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-9-1984-ൽ.

(ബി) ഉണ്ട്.

(സി) 12-8-1996-ലെ ജി. ഒ. (പി) നമ്പർ 460/96/ആർ.ഡി. നമ്പർ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഡി) ഇല്ല.

റാന്നിയിലെ സ്പെഷ്യൽ തഹസിൽദാർ ആഫീസ്

125 [1351] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി. പി. റോഡ് വികസനത്തിനുവേണ്ടി റാന്നിയിൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത് ;

(ബി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ ഏതു സ്ഥലം മുതൽ ഏത് സ്ഥലം വരെയുള്ള ഭൂമി എടുക്കുന്നതിനാണ് ഈ ഓഫീസിനെ ചുമതലപ്പെടുത്തിയത് ;

(സി) ഏതെല്ലാം തസ്തികകളിലായി എത്ര ജീവനക്കാരെയാണ് ഈ ആഫീസിലേക്ക് ആവശ്യമുള്ളത് ;

(ഡി) ഇപ്പോൾ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിലായി ജോലി നോക്കുന്നു ;

(ഇ) ഇവിടെ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(എഫ്) കെ. എസ്. ടി. പി. സ്ഥലമെടുപ്പ് നടപടികൾ എന്നു പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 1-6-2004-ൽ ആരംഭിച്ചു.

(ബി) അടൂർ താലൂക്കിൽപ്പെട്ട ഏനാദിമംഗലം വില്ലേജ് മുതൽ റാന്നി താലൂക്കിൽപ്പെട്ട ചേത്തക്കൽ വില്ലേജിൽപ്പെട്ട പ്ലാച്ചേരി വരെയുള്ള ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനാണ് ഈ ഓഫീസിനെ ചുമതലപ്പെടുത്തിയത്. ഇതുകൂടാതെ മറ്റു ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്ന ജോലികളും ചെയ്യുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly